# Desabhimani
# 21 August 2018
# Kochi; Help line

## ചികിത്സയ്ക്കായി വിളിക്കാം ; ഹെൽപ് ലൈൻ റെഡി

**കൊച്ചി**

പ്രളയ ദുരിതത്തിനിരയായവർക്ക് വൈദ്യസഹായം എത്തിക്കാൻ 24 മണിക്കൂറും പ്രവർത്തിക്കുന്ന ഡോക്ടർമാർ മുതൽ സന്നദ്ധ പ്രവർത്തകർ വരെയുള്ള 200 പേർ. എറണാകുളം ജനറൽ ആശുപത്രി കേന്ദ്രീകരിച്ച് ആരംഭിച്ച മെഡിക്കൽ ഹെൽപ് ലൈനിലാണ് പ്രതിഫലം ഇച്ഛിക്കാതെ ഇവർ ഉണർന്നിരിക്കുന്നത്. ഹെൽപ് ലൈൻ നമ്പർ: 9946992995. സുരക്ഷിത സ്ഥാനത്തേക്ക് മാറ്റാൻ സാധ്യമാകാത്ത പ്രദേശങ്ങളിൽ കുടുങ്ങിക്കിടക്കുന്ന രോഗികൾക്ക് അടിയന്തര ചികിത്സ ഉറപ്പാക്കുന്നതിനും ക്യാമ്പുകളിൽ ആവശ്യമായ മരുന്നും ചികിത്സയും എത്തിക്കുന്നതിനും ഈ സംവിധാനം ഉപയോഗിക്കാം.

വൈദ്യസഹായം ആവശ്യപ്പെട്ട് 24 മണിക്കൂറും ഇവിടേക്ക് വിളിക്കാം. 30 ലൈനുകൾ ഇതിനായി ഒരുക്കിയിട്ടുണ്ട്. സഹായം നൽകാൻ കേരളത്തിലെ വിദഗ്ധരായ 300 ഡോക്ടർമാരും പ്രവർത്തിക്കുന്നു. രോഗിയുടെ നില, ലഭ്യമായ മരുന്നുകൾ, ചികിത്സാ സൗകര്യങ്ങൾ തുടങ്ങിയവ പരിഗണിച്ച് ആവശ്യമെങ്കിൽ രോഗിയുടെ അടുക്കലെത്തും. ആശുപത്രിയിലെത്തിക്കേണ്ടതുണ്ടെങ്കിൽ അതിനുള്ള ക്രമീകരണം നടത്തും. മരുന്ന് എത്തിക്കാൻ തടസമുണ്ടെങ്കിൽ നാവിക സേനാ ഹെലികോപ്റ്ററുകളുടെ സഹായത്തോടെ മരുന്ന് ലഭ്യമാക്കും. മരുന്ന് ഉപയോഗത്തിന്റെ ക്രമവും നിർദേശിക്കും. ജില്ലയ്ക്ക് പുറത്തേക്കും ഡോക്ടറും മരുന്നും എത്തിക്കും. എയർ ലിഫ്റ്റിങ്ങിനും സംവിധാനമുണ്ട്. 300ൽ അധികം പ്രദേശങ്ങളിൽ ഹെലിക്പോറ്ററിൽ ഇതിനകം മരുന്ന് എത്തിച്ചു കഴിഞ്ഞു.

രോഗികളെ, അടിയന്തരസഹായം വേണ്ടവർ, ഇപ്പോൾ ഉള്ള സ്ഥലത്തുതന്നെ ചികിത്സ ലഭ്യമാക്കാനാകുന്നവർ, നിരീക്ഷണത്തിൽ വയ്ക്കേണ്ടവർ എന്നിങ്ങനെ മൂന്നായി തരം തിരിക്കും. രോഗി കഴിയുന്നത് എത്തിപ്പെടാവുന്ന സ്ഥലം, എത്തിപ്പെടാൻ ബുദ്ധിമുട്ടുള്ള സ്ഥലം എന്നിങ്ങനെ തിരിച്ചാണ് ചികിത്സാ സൗകര്യം ഒരുക്കുന്നത്. ഓരോ രോഗിയുടെയും കേസ് ഷീറ്റ് ഓൺലൈനായി എറണാകുളം ജനറൽ ആശുപത്രിയിലെ കൺട്രോൾ റൂമിൽ ലഭിക്കും. ഇതിന്റെ പ്രിന്റെടുത്ത് സൂക്ഷിക്കും. 15 മിനിട്ട് കൂടുമ്പോൾ ഗൂഗിളിന്റെ സഹായത്തോടെ ചികിത്സയുടെ പുരോഗതി വിലയിരുത്തും.

വൈദ്യസഹായംതേടി മാത്രമേ ഇവിടേക്ക് വിളിക്കാവൂ എന്നും അധികൃതർ അഭ്യർഥിച്ചു. മറ്റു പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെടുത്താൻ വിളിച്ചാൽ രോഗികൾക്ക് ചികിത്സ ലഭിക്കുന്നതിന് താമസം നേരിടാനിടയുണ്ട്.

ആരോഗ്യവകുപ്പും സർക്കാർ, സ്വകാര്യ ആശുപത്രികളിലെ ഡോക്ടർമാരും ഐഎംഎ, ഐഎപി, കെജിഎംഒഎ, പാരാമെഡിക്കൽ അസോസിയേഷനുകൾ എന്നിവ എറണാകുളം ജനറൽ ആശുപത്രിയുമായി കൈകോർത്താണ് വളരെ അടുക്കും ചിട്ടയോടെയും ഈ സംവിധാനം മുന്നോട്ട് പോകുന്നത്. മൂന്നു ദിവസമായി പ്രവർത്തിക്കുന്ന ഇവിടെ ദിനംപ്രതി ശരാശരി 2000 ഫോൺ വിളികൾ എത്തുന്നുണ്ട്. അയച്ച മരുന്നുകൾ പൂട്ടിയ ക്യാമ്പുകളിൽനിന്ന് തിരിച്ചെത്തിക്കുന്നതിന്റെ കൃത്യമായി കണക്കും എടുക്കുന്നുണ്ട്.